(ബി) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളും കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടുകളുടെ പകർപ്പും ലഭ്യമാക്കാമോ ;

(സി) കോട്ടയം മുന്നിലാവിലെ ക്വാറികൾക്കെതിരെയും ആലപ്പുഴ ജില്ലയിലെ കാർത്തികപള്ളിയിൽ ഹാച്ചറി സ്ഥാപിക്കുന്നതിനെതിരെയുള്ള പരാതികളും അസീസിയ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിയുടെ പരാതിയും കമ്മീഷന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഓരോ പരാതിയിന്മേലും തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ 2013, 2014, 2015 വർഷങ്ങളിൽ കമ്മീഷന്റെ പരിഗണനയിലുള്ള പരാതികൾ തീർപ്പാക്കുന്നതിനും പുതിയ പരാതികൾ സ്വീകരിക്കുന്നതിലേക്കുമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പല സ്ഥലങ്ങളിലായി പരാതി പരിഹാര അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അദാലത്തുകളിൽ ലഭിക്കുന്ന പരാതികൾ കമ്മീഷൻ പ്രത്യേകമായി വേർതിരിച്ചിട്ടില്ല. പ്രതിദിനം ലഭിക്കുന്ന പരാതികളും അദാലത്തുകളിൽ ലഭിക്കുന്ന പരാതികളും ഒരുമിച്ച് ജില്ലാ അടിസ്ഥാനത്തിൽ വിചാരണയ്ക്ക് എടുത്ത് തീർപ്പ് കൽപ്പിക്കുകയാണ് പതിവ്. ഇപ്രകാരം ലഭിച്ചിട്ടുള്ള പതിനായിരത്തോളം പരാതികളുടെ പകർപ്പ് ലഭ്യമാക്കുക പ്രായോഗികമല്ല.

(ബി) പരാതികളുടെ സ്വഭാവവും പൊതു താൽപ്പര്യവും പരിഗണിച്ച് പ്രത്യേക വിചാരണ നടത്തി തെളിവ് സ്വീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുകയാണ് പതിവ്.

(സി) പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൽ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

247 (3683) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്തത ഗ്രാമങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി, 2012-13-ൽ തെരഞ്ഞെടുത്തിരുന്ന ചെറുതാഴം പഞ്ചായത്തിലെ ഏഴിലോട് കോളനിയുടെയും 2013-14-ൽ ഉൾപ്പെടുത്തിയ മാടായി പഞ്ചായത്തിലെ മൂലക്കീൽ കോളനിയുടെയും സമഗ്രവികസനത്തിന് എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത് ; ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത് ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2012-13-ൽ തെരഞ്ഞെടുത്ത ഏഴിലോട് കോളനിയിൽ ഭവന പുനരുദ്ധാരണം, റോഡ് ടാറിംഗ്, ബയോഗ്യാസ് പ്ലാന്റ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ പൂർത്തിയായിട്ടുണ്ട്. കുടിവെള്ള പദ്ധതി (മോട്ടോർ സ്ഥാപിക്കുവാനുണ്ട്.) സെമിത്തേരി നവീകരണം (ചുള സ്ഥാപിക്കാനുണ്ട്) എന്നിവ പൂർത്തീകരിക്കുവാനുണ്ട്.

2013-14-ൽ തെരഞ്ഞെടുത്ത മൂലക്കീൽ കോളനിക്ക് ഒന്നാം ഗഡുവായ 25 ലക്ഷം രൂപ ഏജൻസിയായ സിഡ്കോ കോഴിക്കോടിന് അനുവദിച്ചു നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ദുരിതാശ്വാസ നിധി തുക ലഭിക്കാനുള്ള കാലതാമസം

248 (3684) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുക ഉത്തരവായി ഡയറക്ടറേറ്റിൽ എത്താൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവിറക്കേണ്ട സെക്ഷനുകളിൽ ടൈപ്പിസ്റ്റുമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ടൈപ്പിസ്റ്റുമാരുടെ ഒഴിവുകൾ നികത്തുന്നതിനും ഉത്തരവുകൾ ഇറക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സെക്രട്ടറിയേറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന (എ, എഫ്) വകുപ്പുകളിലാണ് ഈ വിഷയം കൈകാര്യം ചെയ്യുവരുന്നത്. ദുരിതാശ്വാസ

LIBRARY ARCHIVES Kerala Legislative Assembly